ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - കേരള പി എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥി - ശ്രീ ക്ലിൻറൺ പി എം - ശ്രീ സുൽഫീക്കർ പി കെ - ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) - പ്രവേശനകാലം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു:-

---

**ജീവനക്കാര്യം ( ബി ) വിഭാഗം**

**നം. DTETVM/1042/2026-EB3 (EB)** **തിരുവനന്തപുരം, തീയതി : 13-02-2026**

---

വായന :-

1. **05.12.2025** തീയതിയിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ **R1C-1/22/2025-KPSC** നം. നിയമന ശിപാർശ കത്ത്.

2. ഈ കാര്യാലയത്തിൽ നിന്നുമുള്ള **23.01-2026** തീയതിയിലെ **DTETVM/6374/2025-EB3 (EB)** നം. നിയമന ഉത്തരവ്.

3. ശ്രീ സുൽഫീക്കർ പി കെ-യുടെ **03.02.2026** തീയതിയിലെ അപേക്ഷ.

4. ശ്രീ ക്ലിൻറൺ പി എം-ൻറെ **02.02.2026** തീയതിയിലെ അപേക്ഷ.

5. സ.ഉ.(പി) നമ്പർ **14/99/P&ARD** തീയതി. **17.7.1999.**

6. സർക്കുലർ നമ്പർ **5966/Adv.C3/2000/P&ARD** തീയതി. **28.6.2000.**

**ഉത്തരവ്**

വായന **(1)** ലെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടിക പ്രകാരം ചേർത്തിട്ടുള്ള ഉദ്യോഗാർത്ഥികളെ **₹26500-60700/-** രൂപ ശമ്പള നിരക്കിൽ ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) തസ്തികയിൽ വായന **(2)** പ്രകാരം നിയമനം നൽകുകയും ടി ഉത്തരവ് കൈപ്പറ്റി **11.02.2026** തീയതിയിലോ അതിന് മുൻപായോ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകുവാനുമാണ് നിർദ്ദേശിച്ചിരുന്നത്. ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. (As per the Order) | Name and address of the candidate | Name of the institution that the candidate has been appointed. |
|---|---|---|
| 08 | SULFEEKAR Pk<br>ANAKKAD HOUSE<br>ATHICODE , PALAKKAD,<br>PANAYUR - 678552 | GEC Wayanad |
| 10 | CLINTON P M<br>MUNTATUCHUNDAYIL HOUSE<br>VATTEKKAD, PALAKKAD<br>678506 | GOVT.TECHNICAL HIGH SCHOOL, KUTTIPPURAM MALAPPURAM |

മേൽ പട്ടിക ക്രമ നം. 08 പ്രകാരം **ശ്രീ സുൽഫീക്കർ പി കെ,** പോലീസ് വകുപ്പിൽ ജോലി ചെയ്തു വരുന്നതിനാൽ റിലീവിങ്ങിനായി കാലതാമസം വരുമെന്നും ആയതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് പ്രവേശന കാലം 45 ദിവസത്തേക്ക് ദീർഘിപ്പിച്ച് നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.
കൂടാതെ ക്രമ നം. 10 **ശ്രീ ക്ലിൻറൺ പി എം** നിലവിൽ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി നോക്കി വരികയാണെന്നും ടി സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതുണ്ടെന്നും സേവന വ്യവസ്ഥകൾ പ്രകാരം ഇതിന് ഒരു മാസത്തെ കാലതാമസം കൂടിയുണ്ടെന്നും ആയതിനാൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പ്രവേശന കാലം 45 ദിവസത്തേക്ക് ദീർഘിപ്പിച്ച് നൽകണമെന്നും വായന (4) പ്രകാരം അപേക്ഷച്ചിരിക്കുന്നു.
പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ പ്രവേശന കാലം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വായന (5) (6) ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, വായന (5) (6)-ലെ ഉത്തരവുകൾക്ക് വിധേയമായി ടിയാന് അനുവദിച്ചിരുന്ന പ്രവേശനകാലം വായന (2)-ലെ നിയമന ഉത്തരവ് തീയതിയായ 23.01.2026 മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.
മേൽ പട്ടിക പ്രകാരമുള്ള ഉദ്യോഗാർത്ഥികൾ, 45 ദിവസം അവസാനിക്കുന്ന തീയതിയിലോ അതിനുമുമ്പായോ സ്ഥാപനമേധാവി മുമ്പാകെ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്.

**Dr JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Jayaprakash P
Date: 13-02-2026
15:41:02